**Malayala Manorama**

**31 August 2018**

**Kakkanad; Flood , Flood Relief**

## ദുരിതാശ്വാസ ക്യാംപുകൾ ഈ ആഴ്ച അവസാനിക്കും

■ ക്യാംപുകളിൽ അവശേഷിക്കുന്നത് 1,758 കുടുംബങ്ങൾ

കാക്കനാട് ● ജില്ലയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ ക്യാംപുകൾ ഈ ആഴ്ചയോടെ പൂർണമായും അടയ്ക്കാനാകുമെന്ന വിശ്വാസത്തിലാണു ജില്ലാ ഭരണകൂടം. 28 ക്യാംപുകളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. 1,758 കുടുംബങ്ങളിൽ നിന്നുള്ള 5,538 പേർ ക്യാംപുകളിൽ കഴിയുന്നുണ്ട്.

ഇന്നലെ 2,750 പേർകൂടി വീടുകളിലേക്കു മടങ്ങി. അഞ്ചു ക്യാംപുകൾ അടച്ചു. 2,122 സ്ത്രീകളും 1,956 പുരുഷൻമാരും 1,460 കുട്ടികളുമാണു ക്യാംപിലുള്ളത്. എത്രയും വേഗം വീട്ടിലെത്തണമെന്ന ആഗ്രഹത്താൽ പലരും പകൽ സമയത്തു വീടുകളിൽ പോയി ശുചീകരണവും മറ്റും നടത്തുന്നുണ്ട്.

## പ്രളയത്തിൽപെട്ടവർക്ക് മാനസിക ബുദ്ധിമുട്ടുകൾ

കൊച്ചി ● പ്രളയത്തിൽപെട്ടവർ നിരാശ, ആത്മഹത്യാ പ്രവണത, മാനസിക പ്രശ്നങ്ങൾ, പ്രശ്നങ്ങളിൽനിന്ന് ഒളിച്ചോടൽ, ആകാംക്ഷ, വിഷാദം എന്നിങ്ങനെ വിവിധയിനം പ്രശ്നങ്ങൾ നേരിടുന്നതായി സാമൂഹികനീതി വകുപ്പ്.

ദുരിതാശ്വാസ ക്യാംപുകളിലും വീടുകളിലും താമസിക്കുന്നവർക്കു കൗൺസലിങ്ങിനുപോയ സംഘങ്ങളാണു പ്രശ്നങ്ങൾ കണ്ടെത്തിയത്. 2,644 കേസുകൾ ഇതിനകം റിപ്പോർട്ട് ചെയ്തു. സൈക്കോ സോഷ്യൽ തെറപ്പി ആവശ്യമായ 429 കേസുകൾ ആരോഗ്യവകുപ്പിനു കൈമാറി.

## ഭിന്നശേഷിക്കാർക്കായി റോട്ടറി കൊച്ചിൻ

കൊച്ചി ● ജില്ലയിൽ പ്രളയ ബാധിതരായ ഭിന്നശേഷിക്കാർക്കു കൈത്താങ്ങായി റോട്ടറി കൊച്ചിൻ കോസ്മോസ് 'കനിവിന്റെ കൈത്താങ്ങ്' എന്ന പ്രത്യേക പുനരധിവാസ പദ്ധതി നടപ്പാക്കുന്നു. വീൽ ചെയർ, കൃത്രിമ കാലുകൾ, ശ്രവണോപകരണങ്ങൾ, സിപി ചെയറുകൾ, വാക്കറുകൾ, ശരീരം തളർന്ന് പൂർണമായും കിടപ്പിലായവർക്കുള്ള കിടക്കകൾ തുടങ്ങിയവയാണ് നൽകുന്നത്. അപേക്ഷകരിൽ നിന്നു മുൻഗണനാക്രമത്തിൽ ഉപഭോക്താക്കളെ കണ്ടെത്തി സെപ്റ്റംബർ ആദ്യ ആഴ്ച മുതൽ ഉപകരണങ്ങൾ വിതരണം ചെയ്തു തുടങ്ങുമെന്നു പ്രസിഡന്റ് കെ.പി. സജു, വൈസ് പ്രസിഡന്റ് മുഹമ്മദ് റാഫി എന്നിവർ അറിയിച്ചു. ഫോൺ: 9207211855, 9207211955.

## കേരളത്തിനായി ബസോട്ടം

കൊച്ചി ● ജില്ല പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷനു കീഴിൽ ജില്ലയിൽ സർവീസ് നടത്തുന്ന ആയിരത്തോളം സ്വകാര്യ ബസുകളുടെ സെപ്റ്റംബർ മൂന്നിനുള്ള സർവീസ് മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ നിധിക്കു വേണ്ടി. ആ ദിവസത്തെ സർവീസുകളുടെ മുഴുവൻ കലക്ഷനും ദുരിതാശ്വാസ നിധിയിലേക്കു സംഭാവന ചെയ്യുമെന്ന് അസോസിയേഷൻ പ്രസിഡന്റ് നെൽസൺ മാത്യുവും ജനറൽ സെക്രട്ടറി കെ.ബി. സുനീറും അറിയിച്ചു.